(ബി-ഡി)

അമയാർ-ചേറ്റുക്കുഴി	175.00 ലക്ഷം
കുഞ്ഞിത്തണ്ണി-ഖജനാപ്പാറ	159.50 ലക്ഷം
പുളിയൻമല-കമ്പൻമേട്	199.84 ലക്ഷം
രാജാക്കാട്-എല്ലയ്ക്കൽ	234.00 ലക്ഷം
തോപ്രാംകുടി-കൊച്ചുകാമാക്ഷി	271.97 ലക്ഷം
തോട്ടപ്പുര-അമ്പഴച്ചാൽ	85.56 ലക്ഷം
കട്ടപ്പന-ഉപ്പുകണ്ടം	133.75 ലക്ഷം
മേലേചിന്നാർ-മഞ്ഞപ്പാറ	204.50 ലക്ഷം
മൂലമറ്റം-പുള്ളിക്കാനം	455.00 ലക്ഷം
പണിക്കാൻകുടി-കൊമ്പൊടിഞ്ഞാൽ	210.00 ലക്ഷം
ശാന്തൻപാറ-പൊട്ടൻകാട്	84.60 ലക്ഷം

ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്.

(ഇ&എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

എം.ഡി.ആർ. ലിസ്റ്റിൽ ഉള്ള റോഡുകൾ

98 (2817) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്രറോഡുകൾ എം.ഡി.ആർ. ലിസ്റ്റിൽ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) കണ്ണൂർ ജില്ലയിൽ എം.ഡി.ആർ. ലിസ്റ്റിൽ ഉള്ള റോഡുകളുടെ പേര് വ്യക്തമാക്കാമോ ;

(സി) കൂടുതൽ റോഡുകൾ എം.ഡി.ആർ. ആയി ഉയർത്താൻ നടപടി സ്വീകരിക്കുമോ ;

(ഡി) പെരിങ്ങളം മണ്ഡലത്തിലെ പാനൂർ പി.ഡബ്ല്യൂ.ഡി.യിൽപ്പെട്ട പുത്തൂർ-പോസ്റ്റ്ഓഫീസ്-കല്ലുവളപ്പിൽ റോഡ്, ചെറുപ്പറമ്പ്-പാത്തിക്കൽ റോഡ് ഏറ്റെടുത്ത് എം.ഡി.ആർ. ആയി ഉയർത്താമോ ?

ഉത്തരം

(എ) 2266 റോഡുകൾ എം.ഡി.ആർ.ലിസ്റ്റിൽ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത റോഡുകളുടെ ലിസ്റ്റ് അനുബന്ധമായി വച്ചിട്ടുണ്ട്.*

(സി&ഡി) ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

റോഡിന്റെ കയറ്റവും വളവും കുറയ്ക്കാൻ നടപടി

99 (2818) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ സ്റ്റേറ്റ് ഹൈവേ 38-ൽ മൊടക്കല്ലൂർ മുതൽ ഉള്ളിയേരി (സ്റ്റേറ്റ് ഹൈവേ 34)-യിൽ ചേരുന്ന റോഡിന്റെ കയറ്റവും വളവും കുറയ്ക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇല്ലെങ്കിൽ ഇതുസംബന്ധിച്ച് ഇൻവെസ്റ്റിഗേഷൻ നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കുവാനും ബഡ്ജറ്റിൽ ആവശ്യമായ തുക വകകൊള്ളിക്കാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് ഇതിനുള്ള പദ്ധതി ആവിഷ്ക്കരിക്കുന്നതാണ്.

കുന്ദമംഗലം മണ്ഡലത്തിലെ എം.ഡി.ആർ. ലിസ്റ്റിൽ ഉൾപ്പെട്ട റോഡുകൾ

100 (2819) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലം മണ്ഡലത്തിൽനിന്നും എം.ഡി.ആർ. ലിസ്റ്റിൽ ഉൾപ്പെട്ട റോഡുകൾ ഏതൊക്കെയാണ് എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത റോഡുകളുടെ പ്രവൃത്തികൾക്ക് എത്ര തുക അനുവദിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(സി) ഇവയുടെ പ്രവൃത്തി എന്ന് ആരംഭിക്കുവാൻ കഴിയും എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) അനുബന്ധമായി വച്ചിട്ടുണ്ട്.*

(ബി&സി) മാവൂർ-പണിക്കോട് റോഡ് പ്രവൃത്തിക്ക് 50 ലക്ഷം രൂപയ്ക്കും താമരശ്ശേരി-വരട്ടിയാക്കൽ റോഡ് പ്രവൃത്തിക്ക് 50 ലക്ഷം രൂപയ്ക്കും ഭരണാനുമതി നൽകി റോഡ് പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. കുന്ദമംഗലം-അഗസ്ത്യമുഴി റോഡ്, കോഴിക്കോട്-മാവൂർ റോഡ് എന്നീ റോഡ് പ്രവൃത്തികൾ കെ.എസ്.ടി.പി.-യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly